**കേരളാ സർക്കാർ**

നം. 4545/ആർ.എ.1/11/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി 22/01/2011.

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - നിലം നികത്ത് ഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) 31/07/2008 ലെ 45846/RA1/08/LSGD നമ്പർ സർക്കുലർ.
2) 23/9/2008 ലെ 59655/RA1/08/LSGD നമ്പർ സർക്കുലർ.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിനു മുൻപ് തന്നെ നിലമെന്നു റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയ കാരണം വീടു നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നില്ല എന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന പ്രകാരം സർക്കുലറുകൾ പുറപ്പെടുവിക്കുകയും, പ്രസ്തുത സർക്കുലറിലെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്തിലെ അസി. എൻജിനീയർ, നഗരസഭയിലെ ടൗൺ പ്ലാനിംഗ് ഓഫീസർ, (അതാത് നഗരസഭയിലെ കെട്ടിട നിർമ്മാണ ചുമതലയുള്ളയാൾ), പഞ്ചായത്ത്/നഗരസഭ സെക്രട്ടറി (കൺവീനർ) എന്നിവർ കൂടിയ ഒരു കമ്മിറ്റി രൂപീകരിച്ച് സ്ഥലത്തെക്കുറിച്ചുള്ള മഹസ്സർ തയ്യാറാക്കി 300 സ്ക്വയർ മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീടുകൾക്കും, മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്തവർക്കും മാത്രം അനുമതി നൽകിയാൽ മതിയെന്നും സർക്കുലറിൽ നിഷ്കർഷിച്ചിരുന്നു. ടി ആവശ്യത്തിലേയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും, കമ്മിറ്റി എല്ലാ മാസവും കൂടി തീരുമാനം എടുത്ത് നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ 2008 ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായ ശേഷം പ്രസ്തുത കമ്മിറ്റി കൂടാത്ത ഒരു സാഹചര്യം ഉണ്ടായതായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുമതി നിഷേധിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. ടി സാഹചര്യത്തിൽ റവന്യൂ, കൃഷി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുമായി 30/12/2010 ൽ ചർച്ച ചെയ്ത് സംശയ ദൂരീകരണം നടത്തിയത് പ്രകാരം താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

1) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്കു മാത്രം ബാധകമായതിനാൽ പുതിയതായി നികത്തു

ന്നതിനു മാത്രമേ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. അതു കൊണ്ട് പ്രസ്തുത നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

2) സൂചനയിലെ സർക്കുലർ പ്രകാരം രൂപീകരിച്ച കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചിട്ടുള്ള പക്ഷം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതാണ്.

3) റവന്യൂ, കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കമ്മിറ്റി എല്ലാ മാസവും കൂടുന്നതിന് പഞ്ചായത്ത് /നഗരസഭ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം സ്ഥല സന്ദർശനം നടത്തി ഫോട്ടോ എടുത്ത്, മഹസ്സർ തയ്യാറാക്കി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂചനയിലെ സർക്കുലർ പ്രകാരം സെക്രട്ടറിമാർ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

എസ്. എം. വിജയാനന്ദ്.
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
കൃഷി ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം, കൊച്ചി, കോഴിക്കോട്)
സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുന്നതിന്)
കൃഷി വകുപ്പ്
റവന്യൂ വകുപ്പ് } അനന്തര നടപടിയ്ക്ക്

പകർപ്പ്: റവന്യൂ വകുപ്പ്/കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)
തദ്ദേശ സ്വയംഭരണ (പി. എസ്) വകുപ്പ്
(Vide U.O. No. 24274/PS2/10/LSGD dated 19-4-2010)
തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ